കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര വാർത്താ പത്രിക

പുസ്തകം 3 | ലക്കം 15 | ഡിസംബർ 30, 2018

അകത്താളുകളിൽ

4 പുനർജനി – കോഴിക്കോട് ജില്ലാതല ഏകദിന കർമ്മ പരിപാടി

8 പാക്കവയലിൽ നിന്നും പന്തീരായിരം പറ




## കാർഷിക മേഖല പ്രകൃതി സൗഹൃദ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം: ഗവർണർ. പി. സദാശിവം

പ്രകൃതി സംരക്ഷണത്തിന് ഉതകുന്ന വികസന പ്രവർത്തനങ്ങൾക്ക് കൃഷിയിൽ പ്രാമുഖ്യം നൽകണമെന്ന് ഗവർണർ ജസ്റ്റിസ് (റിട്ട.) പി.സദാശിവം അഭിപ്രായപ്പെട്ടു. സമാനതകളില്ലത്ത പ്രകൃതി ദുരന്തത്തിനുശേഷം അതിജീവനത്തിലൂടെ തിരികെ വരുന്ന സംസ്ഥാനത്തിലെ കർഷകർക്ക് കൂടുതൽ കരുത്തും ആത്മവിശ്വാസവും പകരുവാൻ വൈഗ-കൃഷി ഉന്നതി മേളയിലൂടെ സാധ്യമാകും. കാർഷികോത്പന്ന സംസ്കരണ -മൂല്യവർദ്ധനവ് അടിസ്ഥാനമാക്കി ഡിസംബർ 27 മുതൽ 30 വരെ തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ നടന്ന സംസ്ഥാന കൃഷിവകുപ്പിന്റെ വൈഗ-കൃഷി ഉന്നതി മേള ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാർഷിക മേഖലയിലെ നൂതന സംവിധാനങ്ങൾ കർഷകരിലെത്തിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനും കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നടന്ന വൈഗ കാർഷിക മേളയ്ക്ക് കഴിഞ്ഞിട്ടുള്ളതായി ഗവർണർ അഭിപ്രായപ്പെട്ടു. ഏറ്റവും ലാഭകരമായ സംരംഭകത്വമായി അഗ്രോ-ബിസിനസ്സ് മേഖല മാറിയിരിക്കുകയാണ്. കർഷക വരുമാനം ഇരട്ടിയാക്കുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സർക്കാരിന്റെ കീഴിൽ 2016 -ൽ ആരംഭിച്ച കൃഷി ഉന്നതി മേള ഇത്തവണ വൈഗയോടൊപ്പം നടത്തുവാൻ





കഴിഞ്ഞത് ഏറെ പ്രയോജനകരമാണെന്നും ഗവർണർ പറഞ്ഞു. കർഷകരെയും വിവിധ സർക്കാർ-അർദ്ധസർക്കാർ- സ്വകാര്യ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് കാർഷിക മേഖലയെ ഒറ്റ വേദിയിൽ കൊണ്ടു വരാനുള്ള പ്രവർത്തനം ആവശ്യമാണ്. രാജ്യത്ത് 50 ശതമാനത്തിലധികം തൊഴിലാളികൾ കൃഷി-അനുബന്ധ മേഖലയെ ആശ്രയിച്ചാണ് കഴിഞ്ഞത്. അനേകം ചെറു രാജ്യങ്ങൾ കാർഷിക മേഖലയിൽ വളരെയധികം മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്. ഉത്പാദനത്തിലും കയറ്റുമതിയിലും മികച്ച പുരോഗതി കാഴ്ചവയ്ക്കുന്നുമുണ്ട്. ശാസ്ത്രത്തിന്റെയും സങ്കേതിക വിദ്യയുടെയും ക്രിയാത്മകമായ ഇടപെടലുകൾ കാർഷിക മേഖലയിൽ ആവശ്യമാണ്. സാധാരണ കർഷകർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അറിവുകൾ സ്വായത്തമാക്കുവാൻ കഴിയണം. ചെറുകിട-നാമമാത്ര കർഷകർക്കു യന്ത്രവത്കരണം ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകളുടെ പ്രയോജനം ലഭിക്കേണ്ടതായിട്ടുണ്ടെന്നും ഗവർണർ സൂചിപ്പിച്ചു.

കാർഷിക സംരംഭകത്വത്തിലൂടെ യുവാക്കളെ



കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയാണ് വൈഗയുടെ പ്രധാന ലക്ഷ്യമെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ കൃഷിവകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. കർഷകരുടെ വരുമാന വർദ്ധനവിനുള്ള














ഒരുസ്ഥിര സംവിധാനമാണ് വൈഗ. കഴിഞ്ഞ രണ്ടു വൈഗയുടെയും ഫലങ്ങളാണ് നാളികേരവികസന കൗൺസിലിന്റെ രൂപീകരണം, ചെറുധാന്യങ്ങളെ അടിസ്ഥാനമാക്കിയുള്ള അട്ടപ്പാടി മില്ലറ്റ് വില്ലേജ് ഉത്പന്നങ്ങളുടെ വിപണി, ചക്ക ഔദ്യോഗിക ഫലമായുള്ള പ്രഖ്യാപനം, തേൻ അസംസ്കൃതയൂണിറ്റ്, കണ്ണാറയിൽ ആരംഭിക്കുവാൻ പോകുന്ന തേൻ-വാഴപ്പഴം അടിസ്ഥാനമാക്കിയുള്ള അഗ്രോപാർക്ക്, 40000 ഏക്കറിലെ തരിശുരഹിത നെൽ കൃഷി എന്നിവയെന്നും കൃഷി മന്ത്രി സൂചിപ്പിച്ചു. കർഷകരുടെ കൃഷി സാഹചര്യത്തിനൊപ്പം മാനസിക പുന:നിർമ്മാണവും വൈഗയിലൂടെ സൃഷ്ടിക്കേണ്ടതാണെന്ന് മുഖ്യപ്രഭാഷണത്തിൽ വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അഭിപ്രായപ്പെട്ടു. എം.പി. ശ്രീ. സി.എൻ. ജയദേവൻ, തൃശൂർ കോർപ്പറേഷൻ മേയർ ശ്രീമതി അജിത വിജയൻ, കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു, കേന്ദ്രതോട്ടവിളഗവേഷണകേന്ദ്രം മേധാവി ഡോ. പി. ചൗഡപ്പ, തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മേരിതോമസ്, തൃശൂർ വാർഡ് കൗൺസിലർ ശ്രീമതി എം.എസ്. സമ്പൂർണ്ണ, തൃശൂർ കോർപ്പറേഷൻ പ്രതിപക്ഷ നേതാവ് അഡ്വ. എം.കെ. മുകുന്ദൻ എന്നിവർ ചടങ്ങിന് ആശംസകൾ അറിയിച്ചു. കാർഷികോത്പാദന കമ്മീഷണർ ഡോ. ദേവേന്ദ്രകുമാർസിംഗ് ഐ.എ.എസ്. ചടങ്ങിന് സ്വാഗതം പറഞ്ഞു. കൃഷിവകുപ്പ് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ചടങ്ങിന് നന്ദിയും അറിയിച്ചു.






# നെല്ല്, നാളികേരം എന്നിവയുടെ സംഭരണവും വിപണനവും സഹകരണ മേഖലയിൽ ശക്തമാക്കും – കടകംപള്ളി സുരേന്ദ്രൻ

സഹകരണപ്രസ്ഥാനത്തിലൂടെ സംസ്ഥാനത്തെ നെല്ല് സംഭരണവും വിപണനവും ശക്തമാക്കുകയും കർഷകർക്കും ഉപഭോക്താക്കൾക്കും ഒരേസമയം ന്യായവില ഉറപ്പു വരുത്തുകയും ചെയ്യുമെന്ന് ടൂറിസം - ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. കാർഷികോത്പന്ന സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമിട്ട് തൃശൂർ തേക്കിൻകാട് മൈതാനിയിൽ സംഘടിപ്പിച്ചിരിക്കുന്ന വൈഗ കൃഷി ഉന്നതിമേളയുടെ മൂന്നാം ദിവസത്തെ സെഷനുകൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിലായിരുന്നു ചടങ്ങ്.

'വാണിജ്യ കാർഷികമേഖലയ്ക്ക് വേണ്ട ഗുണ നിലവാര മാനദണ്ഡങ്ങൾ' എന്നതായിരുന്നു മൂന്നാം ദിവസത്തെ സെമിനാർ വിഷയം. സംസ്ഥാനത്ത് കർഷക കൂട്ടായ്മകളിലൂടെ സാധ്യമാക്കുവാനാണ് വകുപ്പ് ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ചടങ്ങിൽ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത 'തലമുടിയിൽ നിന്നുള്ള ജൈവവള നിർമ്മാണ'ത്തിന്റെ സാങ്കേതികവിദ്യ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ആർ.ചന്ദ്രബാബു മന്ത്രി കടകംപള്ളി സുരേന്ദ്രന് കൈമാറി. നൈട്രജൻ സമ്പുഷ്ടമായ ലായനി രൂപത്തിലാണ് ജൈവവളം വിപണിയിൽ പുറത്തിറക്കുക. വാണിജ്യാടിസ്ഥാനത്തിലുള്ള ഇതിന്റെ നിർമ്മാണ വിതരണത്തിനായി സാങ്കേതികവിദ്യ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ബാർബേഴ്സ് & ബ്യൂട്ടീഷ്യൻ അസോസിയേഷൻ ഭാരവാഹികൾക്ക് കൈമാറി. കാർഷിക സർവ്വകലാശാലയിലെ ഡോ. ഗിരിജ, ഡോ. രാജേന്ദ്രൻ, ഡോ. സുരേഷ്കുമാർ, ഡോ.ജയൻ.പി.ആർ, ഡോ.ജിനു ജോർജ്



സഹകരണപ്രസ്ഥാനം കാർഷിക മേഖലയ്ക്കായി രൂപം കൊണ്ടതായിരുന്നുവെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി കടകംപള്ളി സൂചിപ്പിച്ചു. പിന്നീട് പല സമയങ്ങളിലായി പ്രസ്ഥാനം അതിന്റെ ദിശ മാറി സഞ്ചരിച്ചിരുന്നെങ്കിലും ശരിയായ പന്ഥാവിലേക്ക് കൊണ്ടുവരാനാണ് ഇപ്പോൾ സർക്കാർ ലക്ഷ്യമിടുന്നത്. ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് പരമാവധി ലാഭം ഉണ്ടാക്കുവാനാണ് കർഷിക സഹകരണപ്രസ്ഥാനങ്ങൾ ഉന്നമിടുന്നത്.

സുസ്ഥിര വികസനത്തിനും കർഷക വരുമാന വർദ്ധനവിനും സഹകരണ പ്രസ്ഥാനങ്ങളുടെ പങ്ക് വളരെ വിലപ്പെട്ടതാണെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ

കൃഷിമന്ത്രി വി.എസ് സുനിൽകുമാർ അഭിപ്രായപ്പെട്ടു. കർഷക ഉത്പാദക സംഘങ്ങളുടെ സഹായത്തോടെ കർഷകരെ സംരംഭകത്വത്തിലേക്ക് കൊണ്ടുവരുവാൻ കാർഷിക സഹകരണ പ്രസ്ഥാനങ്ങൾക്ക് സാധിക്കും. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം, വിപണനം എന്നിവയുടെ നേതൃത്വം ഇത്തരം എന്നിവർ ചേർന്നാണ് സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തത്.

ചടങ്ങിൽ കേന്ദ്രസർക്കാരിന്റെ ജഗജീവൻ റാം പുരോഗമന കർഷകർക്കുള്ള അവാർഡ് കരസ്ഥമാക്കിയ കർഷകരെ മന്ത്രി കടകംപള്ളി സുരേന്ദ്രൻ അനുമോദിക്കുകയുണ്ടായി. സമ്മിശ്രകൃഷി കർഷകനായ സിബി ജോർജ് കല്ലിംഗൽ, കൃത്യതാ കൃഷി മികച്ച രീതിയിൽ നടപ്പിലാക്കുന്ന കർഷകനായ രാജനാരായണൻ എന്നിവരാണ് അവാർഡ് ജേതാക്കൾ.

ചടങ്ങിൽ കൃഷി വകുപ്പ് ഡയറക്ടർ ഡോ. പി.കെ ജയശ്രീ ഐ.എ.എസ്, സ്വാഗതം പറഞ്ഞു. കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. ആർ. ചന്ദ്രബാബു, സ്റ്റേറ്റ് ഹേൾട്ടികൾച്ചർ മിഷൻ ഡയറക്ടർ ജെ.ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്, ഗവേഷണ വിഭാഗം മേധാവി ഡോ. പി. ഇന്ദിരാദേവി, വിജ്ഞാനവ്യാപന വിഭാഗം മേധാവി ഡോ.ജിജു.പി.അലക്സ്, സംസ്ഥാന കാർഷികവില നിർണ്ണയബോർഡ് ചെയർമാൻ ഡോ. പി. രാജശേഖരൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# ഇഷ്ടവിളകളുടെ ശേഖരവുമായി സുഗന്ധവിള ഗവേഷണ കേന്ദ്രം

വൈഗ 2018 -നോടനുബന്ധിച്ച് കോഴിക്കോട് സുഗന്ധവിള ഗവേഷണ കേന്ദ്രം ഒരുക്കിയിരിക്കുന്ന സ്റ്റാൾ കർഷകർക്ക് ആകർഷകമായിരുന്നു. 25 വർഷത്തോളമായി കർഷക സേവനം നടത്തുന്ന സ്ഥാപനത്തിന് കർഷക സംഘടനകളുടെയും വനിതാ സ്വയം സഹായ സംഘടനകളുടെയും ശക്തമായ പിന്തുണയുമുണ്ടായിരുന്നു. ഐ.ഐ.എസ്.ആർ വികസിപ്പിച്ചെടുത്ത വിവിധ ഇഞ്ചി, മഞ്ഞൾ, ഇനങ്ങൾ വൈഗയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. 6 മാസം മൂപ്പുള്ളതും ഹെക്ടറിന് 50 ടൺ വിളവു ലഭിക്കുന്നതുമായ പ്രഗതി മഞ്ഞൾ ഇനമാണ് താരം. 5.1 ശതമാനം കുർക്കുമിൻ ഇതിൽ അടങ്ങിയിരിക്കുന്നു. പ്രഗതിക്ക് 6 മാസം മൂപ്പുള്ളപ്പോൾ മറ്റിനങ്ങൾക്ക് 8-9 മാസമാണ് മൂപ്പ്. വിത്തിൽ നിന്നും വികസിപ്പിച്ചെടുത്ത പ്രതിഭയും, പ്രഭയും കൂടാതെ ഇവിടെ വികസിപ്പിച്ച സുവർണ്ണ, സുഗുണ, റോമ, സുദർശന, രശ്മി എന്നീ ഇനങ്ങളിലും കറിമഞ്ഞൾ, വെള്ളകൂവ, കസ്തൂരി മഞ്ഞൾ, മറ്റു സംസ്ഥാനങ്ങളിലെ മഞ്ഞൾ ഇനങ്ങൾ എന്നിവയും പ്രദർശിപ്പിച്ചിട്ടുണ്ട്. ഇഞ്ചിയുടെ ഇനങ്ങളായ രജതവും, മഹിമയും ഹെക്ടറിന് 40 ടൺ ലഭിക്കുന്ന വരത ഇനവും കണ്ട് മനസ്സിലാക്കാം.



കുരുമുളകിന്റെ 3500 ഓളം ശേഖരമുള്ള സ്ഥാപനം, വിവിധ കുരുമുളക് ഇനങ്ങൾ, തിരിയോടു കൂടി കർഷകർക്ക് മനസ്സിലാക്കാൻ പ്രദർശിപ്പിച്ചിരുന്നു. 43 ശതമാനം ഡ്രൈ റിക്കവറിയുള്ള ശക്തിയിനവും എല്ലാ കാലാവസ്ഥയിലും തണലത്തും വിളവ് തരുന്ന ശുഭകര ഇനവും വിൽപ്പനക്ക് ലഭ്യമാണ്. നിമാ വിരയ്ക്കെതിരെ പ്രതിരോധ ശേഷിയുള്ള പൂർണ്ണിമയും നിറയെ തിങ്ങി കായ് പിടിക്കുന്ന പഞ്ചമിയും ഉയർന്ന പെപ്പറിൻ ഘടകം അടങ്ങിയിരിക്കുന്ന ശ്രീകരയും സ്ഥാപനം വികസിപ്പിച്ചെടുത്ത വിവിധ മല്ലി, പെരുംജീരകം, ഉലുവ, അയമോദകം വിത്തിനങ്ങൾ എന്നിവയും കർഷക പഠനത്തിനായി പ്രദർശത്തിനൊരുക്കിയിരുന്നു. ഉണക്ക കുരുമുളക് തൂക്കം 32 ശതമാനം ലഭിക്കുന്ന ഗിരിമുണ്ടയും ദ്രുതവാട്ട പ്രതിരോധിക്കുന്ന തേവല ഇനവും ഉയർന്ന പെപ്പറിൻ ഘടകമുള്ള മലബാർ എക്സലും സ്ഥാപനം വികസിപ്പിച്ചെടുത്തിട്ടുണ്ട്. സോളാർ ടണൽ, ഉണക്കുയന്ത്രം എന്നിവയും സ്ഥാപനം വികസിപ്പിച്ചിട്ടുണ്ട്. ഒരു കിലോ ജൈവ സൂക്ഷ്മാണുക്കൾ ഒരു ഗുളികയിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത് അത്ഭുതം ഉളവാക്കുന്ന കാഴ്ചയാണ്. തിളപ്പിച്ചാറ്റിയ വെള്ളത്തിൽ ഗുളിക ലയിപ്പിച്ച് നേർപ്പിച്ച് ചെടികൾക്ക് പ്രയോഗിക്കാം. കൂടാതെ ജൈവ വളത്തോടൊപ്പം ചേർത്തും ഉപയോഗിക്കാം. വളർച്ചാ ത്വരകങ്ങളും വേരു പിടിപ്പിക്കുന്നതിനുമുള്ള സൂക്ഷ്മാണുക്കളുടെ ഉത്പന്നങ്ങളായ ബയോമിക്സ് ബിപിയും ബയോ പവർ ഇ എം സ്ഥാപനം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

# തായണ്ണൻകുടി കർഷക സംഘം വൈഗ സ്റ്റാൾ സന്ദർശനം നടത്തി



ഇടുക്കി ജില്ലയിലെ മറയൂർ നിന്നുള്ള തായണ്ണൻകുടി ആദിവാസി കർഷക സംഘം തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ നടക്കുന്ന വൈഗ കാർഷിക പ്രദർശനം കാണുവാനെത്തി. ഏറെ സന്തോഷകരമായ നിമിഷങ്ങളാണ് സംസ്ഥാന കർഷക അവാർഡ് ജേതാക്കളായ കർഷക സംഘത്തിന് വൈഗ സമ്മാനിച്ചത്. 2017-ലെ മികച്ച ആദിവാസി ഊരിനുള്ള കൃഷി വകുപ്പിന്റെ സംസ്ഥാന തല അവാർഡ് നേടിയ ഗ്രൂപ്പാണ് തായണ്ണൻ കുടി ആദിവാസി സംഘം.

പരമ്പരാഗതമായി റാഗി, തിന, ചമ, വരക്, പനിവരക് തുടങ്ങി പത്തോളം ഇനം ചെറു ധാന്യങ്ങളും, ശീതകാല പച്ചക്കറികളും, നാടൻ കിഴങ്ങ് വർഗ്ഗങ്ങളും സ്ഥിരമായി ചെയ്തു ജൈവ വൈവിദ്ധ്യം സംരക്ഷിച്ചു പോരുന്ന ആദിവാസി ഊരാണ് തായണ്ണൻകുടി. വൈഗ വേദിയിൽ ഇടുക്കി ജില്ലയിലെ ആത്മ സ്റ്റാളിനോടൊപ്പം തായണ്ണൻകുടി ആദിവാസി സംഘത്തിന്റെ പ്രത്യേക സ്റ്റാളും സജ്ജമാക്കിയിട്ടുണ്ട്. ഊരു നിവാസികളുടെ കൃഷി വിഭവങ്ങൾ ഇവിടെ പ്രദർശനത്തിനുണ്ട്. ഊരു മൂപ്പൻ ചന്ദ്രൻ കാണിയുടെ നേതൃത്വത്തിലായിരുന്നു സംഘം വൈഗ വേദി സന്ദർശിച്ചത്. കൃഷി മന്ത്രി വി.എസ് സുനിൽകുമാറിന്റെ പ്രത്യേക ക്ഷണ പ്രകാരമാണ് ആദിവാസി സംഘം തൃശൂരിലെത്തിയത്.



വയലാർ കേരഗ്രാമം പദ്ധതിയുടേയും വിളാരോഗ്യ പരിപാലന ക്ലിനിക്കിന്റേയും ഉദ്ഘാടനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. വി.എസ്.സുനിൽ കുമാർ നിർവ്വഹിച്ചു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. പി. തിലോത്തമൻ, ശ്രീ. എ.എം.ആരിഫ് എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വേണുഗോപാൽ, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മണി പ്രഭാകരൻ, വൈസ് പ്രസിഡന്റ് ശ്രീ. സി.റ്റി. വിനോദ്, വയലാർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എസ്.വി. ബാബു, വൈസ് പ്രസിഡന്റ് ശ്രീമതി ഗീതാ വിശ്വംഭരൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി ബീനാ നടേശ് എന്നിവർ പങ്കെടുത്തു.

## പുനർജനി – കോഴിക്കോട് ജില്ലാതല ഏകദിന കർമ്മ പരിപാടി



ശാസ്ത്രീയ സമീപത്തിലൂടെ കാർഷിക മേഖലയുടെ പുന:സൃഷ്ടി സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ സന്നദ്ധ സേവനത്തിലൂടെ കാർഷിക പുനരുദ്ധാരണം നടത്തുന്നതിനായി, പ്രകൃതി ദുരന്തം തീവ്രമായി ബാധിച്ച മലയോരമേഖലകളിലൊന്നായ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ 'പുനർജനി' എന്ന പേരിൽ ജില്ലാതല ഏകദിന കർമ്മ പരിപാടി 2018 ഡിസംബർ 19-ന് രാവിലെ 10 മണിക്ക് ബഹു. തിരുവമ്പാടി നിയോജക മണ്ഡലം എം. എൽ. എ ശ്രീ. ജോർജ് എം തോമസ് ഉദ്ഘാടനം ചെയ്തു. തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. ടി. അഗസ്റ്റിൻ അദ്ധ്യക്ഷൻ ആയിരുന്നു. കോഴിക്കോട് ആത്മ പ്രൊജക്ട് ഡയറക്ടർ ശ്രീമതി. ലേഖ കാർത്തി പുനർജനി സന്ദേശം അവതരിപ്പിച്ചു. സെമിനാർ ഉദ്ഘാടനം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കുമാരി എം. എം. രാധാമണി നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. പി. ജി. ജോർജ്, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. സി. കെ. കാസിം തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു.



തിരുവമ്പാടി പഞ്ചായത്ത് പത്താം വാർഡിലെ മരക്കാട്ടുപുറം കുറുകമണ്ണ് നിലത്തിൽ വെച്ച് നടത്തിയ പരിപാടി ഗ്രാമപഞ്ചായത്ത്, ജില്ലയിലെ കൃഷിവകുപ്പിന് കീഴിലുളള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, കാർഷിക കർമ്മ സേനകൾ, അഗ്രോ സർവീസ് സെന്റർ, മണ്ണ് പര്യവേഷണ വിഭാഗം, മണ്ണ് സംരക്ഷണ വകുപ്പ്, തൊഴിലുറപ്പ്, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെയാണ് സംഘടിപ്പിച്ചത്.

# തരിശുനിലങ്ങളിൽ കൃഷിയിറക്കാൻ ചിലവാകുന്നതിനേക്കാൾ കൂടുതൽ തുക ധനസഹായമായി സർക്കാർ നല്കുന്നു :കൃഷിമന്ത്രി



കേരളത്തിൽ തരിശുനിലങ്ങളിൽ കൃഷിയിറക്കുന്നതിന് ചിലവാകുന്നതിനേക്കാൾ അധികം തുക സർക്കാർ ധനസഹായമായി കർഷകർക്ക് ലഭിക്കുന്നുണ്ടെന്നു കൃഷിമന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ പറഞ്ഞു. ചേർപ്പ് ചൊവ്വൂർ താഴത്ത് കഴിഞ്ഞ 28 വർഷമായി തരിശുകിടന്ന പാടശേഖരത്തെ വിത്തിറക്കൽചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഒരു ഹെക്ടർ കൃഷി ചെയ്യുന്നതിനായി 53000 രൂപ സർക്കാർ ധനസഹായംലഭിക്കും. വിത്തുകൾ സൗജന്യമായി നല്കുന്നതിനു പുറമേയുള്ള സഹായമാണിത്. നെല്ലിന് ഇന്ത്യയിൽ ഏറ്റവും വലിയ സംഭരണവില നല്കുന്നത് കേരളമാണ്. ഇതുവരെ 39000 ഏക്കർ തരിശുനിലങ്ങളിൽ കൃഷിയിറക്കി. ഇത് 3 ലക്ഷം ഹെക്ടറാക്കി വർദ്ധിപ്പിക്കും. തരിശുനിലങ്ങളിൽ കൃഷിയിറക്കുന്നത് ഭൂഗർഭ ജലസമ്പത്ത് വർദ്ധിക്കാൻ കാരണമാകുമെന്നും മന്ത്രി പറഞ്ഞു.

നാട്ടിക എം.എൽ.എ ശ്രീമതി ഗീതാഗോപി ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സരള വി.ആർ, പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.കെ. വിനോദ്, ജില്ലാ പഞ്ചായത്തംഗം ശ്രീ. ലോഹിതാക്ഷൻ, ബ്ലോക്ക് പഞ്ചായത്തംഗം ശ്രീ. സണ്ണി, പ്രിൻസിപ്പൽ കൃഷിഓഫീസർ ശ്രീമതി എ. കല, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. കെ.കെ.ജയൻ, കൃഷി ഓഫീസർ ശ്രീമതി കവിത എന്നിവർ പങ്കെടുത്തു. പാടശേഖരസമിതി സെക്രട്ടറി ശ്രീ. പി.വി. ഭരതൻ സ്വാഗതവും പ്രസിഡന്റ് ഡോ. തിലകൻ നന്ദിയും പറഞ്ഞു.

---



കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് പുതുതായി പണികഴിപ്പിച്ച കൃഷിഭവൻ കെട്ടിടത്തിന്റെ ഉദ്ഘാടനം കാർഷിക വികസന കർഷക ക്ഷേമവകുപ്പ് മന്ത്രി വി.എസ്.സുനിൽ കുമാർ നിർവ്വഹിച്ചു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. പി.തിലോത്തമൻ, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പ്രഭാമധു, കടക്കരപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പത്മിനി പങ്കജാക്ഷൻ, വൈസ് പ്രസിഡന്റ് ശ്രീ. ഇ.ബി.ശശിധരൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി ബീനാ നടേശ്, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, കൃഷി ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# പാക്കവയലിൽ നിന്നും പന്തീരായിരം പറ



തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്, കൃഷി വകുപ്പ്, ഹരിത കേരള മിഷൻ, ആത്മ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ കൂട്ടായ്മയിലൂടെ നടക്കുന്ന പദ്ധതിയുടെ നെൽവിത്തിടൽ കർമ്മം 2018 ഡിസംബർ 17-ന് രാവിലെ 8 മണിക്ക് ബഹു. കേരള സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ നിർവ്വഹിച്ചു. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഒ. പി. ശോഭന അദ്ധ്യക്ഷ ആയിരുന്നു.

വെള്ളക്കെട്ട് കാരണം 35 വർഷമായി കൃഷി ചെയ്യാതെ തരിശായി കിടന്നിരുന്ന പാക്കവയൽ, അന്നശ്ശേരി തോടിന്റെ പ്രവൃത്തി ഒരുഘട്ടം പൂർത്തിയായതോടു കൂടിയാണ് കൃഷിയ്ക്ക് അനുയോജ്യമായി തീർന്നത്. 50 ഹെക്ടർ സ്ഥലത്താണ് കൃഷിയിറക്കുന്നത്. എകദേശം 250 മെട്രിക് ടൺ വിളവ് അധികമായി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏകദേശം 100 കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കും.

കോഴിക്കോട് ജില്ലാ കൃഷി ഓഫീസർ ശ്രീ. ടി. പുഷ്കരൻ പദ്ധതി വിശദീകരണം നടത്തി. തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. കെ. ടി. പ്രമീള, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി. സീന സുരേഷ്, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. കെ. പ്രകാശൻ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീ. ടി. അഹമ്മദ് കബീർ, ഹരിതകേരളം ജില്ല കോർഡിനേറ്റർ ശ്രീ. പ്രകാശൻ. പി തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു. തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി. പ്രകാശൻ മാസ്റ്റർ സ്വാഗതവും തലക്കുളത്തൂർ കൃഷി ഓഫീസർ ശ്രീ. രൂപക്. ടി നന്ദിയും പറഞ്ഞു.

## ജൈവകൃഷിയ്ക്കുള്ള ജൈവിക് ഇന്ത്യ അവാർഡ് സംസ്ഥാനത്തിന്

ഇന്റർനാഷണൽ കോംപീറ്റൻസ് സെന്റർ ഫോർ ഓർഗാനിക് അഗ്രിക്കൾച്ചർ (ഇക്കോവാ) ഏർപ്പെടുത്തിയിട്ടുള്ള മികച്ച ജൈവകൃഷി സംസ്ഥാനത്തിനുള്ള അവാർഡിന് കേരളം തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ജൈവകൃഷി രംഗത്ത് സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് പുരസ്കാരം. നല്ല കൃഷി സമ്പ്രദായ പരിപാലനമുറകൾ പാലിച്ചു കൊണ്ടുള്ള 710 ജൈവക്ലസ്റ്ററുകളാണ് സംസ്ഥാനത്ത് രൂപികരിച്ചു പ്രവർത്തിക്കുന്നത്. കൂടാതെ, ജൈവകൃഷി പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ കർഷക കൂട്ടായ്മകളും, ക്ലസ്റ്ററുകളും രൂപീകരിച്ച് പ്രവർത്തിക്കുന്നു. ജൈവവള നിർമ്മാണം, ജൈവഉത്പാദനോപാധികളുടെ നിർമ്മാണം, പരിശീലന പരിപാടികൾ എന്നിവ പ്രാദേശികാടിസ്ഥാനത്തിൽ ജില്ലകൾ തോറും നടത്തിവരുന്നുമുണ്ട്.


| | | | |
|---|---|---|---|
| ചീഫ് എഡിറ്റർ | - ഗീത വി.നായർ | അസി. എഡിറ്റർ | - വിഷ്ണു എസ്.പി. |
| എഡിറ്റർ | - ബി.കെ. അനിൽ | ഫോട്ടോ | - അരുൺ |
| അസോസിയേറ്റ് എഡിറ്റർ | - ഡോ. ടി.വി. രാജേന്ദ്രലാൽ | ഡി.റ്റി.പി. & ലേ ഔട്ട് | - ദീപക് മൗത്താട്ടിൽ |

ഫോൺ : 0471 2317314, 2314358, 2318186, e-mail : fibtvm@gmail.com , mediadivisionfib@gmail.com

Published by K.S. Lali , Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala; Editor: Neena B.